


ബ്ര. അരുൺ കതമ്പയിൽ

ഈശോയ്ക്ക് പ്രകൃതി ശക്തികളുടെ മേലും പൈശാചിക ശക്തികളുടെമേലും അധികാരമുണ്ട് എന്ന സത്യം നമ്മെ പഠിപ്പിക്കുന്ന വചനഭാഗമാണ് ഇന്നത്തെ ധ്യാനവിഷയം. കാറ്റിനേയും കടലിനേയും ശാന്തമാക്കി മുന്നോട്ടു നീങ്ങുന്ന ഈശോ പ്രകൃതിശക്തികളുടെമേൽ തനിക്കുള്ള അധികാരത്തെയും പിശാചുബാധിതരെ സുഖമാക്കുന്നതിലൂടെ പിശാചിന്റെ മേലുള്ള തന്റെ അധികാരത്തെയും പറ്റി നമുക്കു വെളിപ്പെടുത്തിത്തരുന്നു.

കർത്താവായ ഈശോയ്ക്ക് ഈ പ്രപഞ്ചത്തിലുള്ള ഏതൊരു വ്യക്തിയുടെമേലും വസ്തുക്കളുടെമേലും ആധിപത്യം ഉണ്ടെന്ന് നാം മനസ്സിലാക്കണം. പലപ്പോഴും നാം നമ്മുടെ ജീവിതത്തിൽ പരാജയങ്ങൾ നേരിടുമ്പോൾ ദൈവത്തെ പഴിക്കാറുണ്ട്. എന്നാൽ എന്നെങ്കിലും എന്റെ സന്തോഷത്തിന്റെ കാരണം ദൈവമാണ് എന്ന് എനിക്ക് പറയാൻ സാധിക്കാറുണ്ടോ?

ഈശോ നമ്മുടെ ഉള്ളിലും ഉറങ്ങിക്കിടക്കുന്ന അവസ്ഥയിലാണോ ഉള്ളത്? നമ്മൾ ഒരു യാത്ര പോവുകയാണെങ്കിൽ ആരും നമ്മോട് മിണ്ടാതെയും പറയാതെയും ഇരുന്നാൽ മയക്കം വരാറില്ലേ? അതുപോലെ തന്നെ സ്വർഗ്ഗം ലക്ഷ്യമാക്കിയുള്ള ജീവിതയാത്രയിൽ ഞാനും നീയുമെല്ലാം ജീവിതവ്യഗ്രതയിലും സുഖസൗകര്യങ്ങളിലും കുടുങ്ങി ഈശോയെ മറന്നുപോകാറില്ലേ? ഇവിടെയാണ് എനിക്കും നിനക്കും തെറ്റുപറ്റിയിരിക്കുന്നത്.

നമ്മുടെ ജീവിതത്തിലുണ്ടാകുന്ന പ്രശ്നങ്ങളുടെ കൊടുങ്കാറ്റുകൾ ഈശോയുടെ സാന്നിധ്യത്തിൽ ശാന്തമാകുന്നു. ഇന്നത്തെ ക്ഷോഭങ്ങൾ

കടലില്ല, മറിച്ച് സമൂഹത്തിലാണ് ഉള്ളത്. അഴിമതിയും ചൂഷണവും കൊള്ളയും യുദ്ധവും അക്രമവുമാണ് ഇന്നത്തെ ജീവിതപ്രശ്നങ്ങൾ. അവയ്ക്കുള്ള ഏകപരിഹാരം ഈശോയുടെ സാന്നിധ്യമാണ്.

ഒരു ധ്യാനംകൂടി, തീക്ഷ്ണതയുള്ള വ്യക്തിയായി തിരിച്ചുവന്ന്, കുറേക്കാലം കഴിയുമ്പോൾ ആ തീക്ഷ്ണതയെല്ലാം നഷ്ടപ്പെട്ടവനായി വീണ്ടും ജീവിത പ്രശ്നങ്ങളിലേക്ക് തിരിയുന്നതിന്റെ പ്രധാന കാരണം ആഴമായ വിശ്വാസജീവിതമില്ലാത്തതാണ്.

എന്റെ ഈശോ എന്നും എന്റെ കൂടെയുണ്ട്, എന്റെ ജീവിതത്തോണിയിൽ അവനുണ്ട്, അവൻ ഒരിക്കലും ഉറങ്ങുന്നവനല്ല, ഞാനും അവനും തമ്മിൽ നിരന്തരം പ്രാർത്ഥനവഴി ഗാഢബന്ധത്തിലായിരിക്കും എന്ന വിശ്വാസമാണ് നമ്മെ ജീവിതത്തിൽ വിജയത്തിലെത്തിക്കുക.

ഇങ്ങനെ ഈശോയുമായി നിരന്തരം ഐക്യത്തിൽ ജീവിക്കുന്ന വ്യക്തികളുടെ ജീവിതത്തിൽ എത്രവലിയ കൊടുങ്കാറ്റു വീശിയാലും തളരാതെ, തകരാതെ വിശ്വാസത്തിൽ ഉറച്ച്, ജീവിതം മുന്നോട്ട് നയിക്കാൻ സാധിക്കും.

ആർക്കും വഴി നടക്കാൻ പറ്റാത്തവിധം ശല്യം ചെയ്തിരുന്ന പിശാചുബാധിതരെ ഈശോ ദൈവവചനത്താൽ സ്വതന്ത്രരാക്കി. പിശാചുബാധിതർ 'നീ ദൈവപുത്രനാണെന്ന്' അധരം കൊണ്ട് ഏറ്റുപറയുന്നു. എന്നാൽ അവർ സുഖം പ്രാപിച്ചുകഴിയുമ്പോൾ അവിടെയുള്ള ജനങ്ങൾ ഈശോയെ ആ നാട്ടിൽ നിന്നും ഓടിച്ചുവിടുകയാണ്. കാരണം അവർ മനുഷ്യജീവിതത്തെക്കാൾ പന്നികളുടെ ജീവിതത്തിന് വില കല്പിച്ചു.

ഇതുപോലെ നമ്മുടെ ജീവിതത്തിൽ തൽക്കാലിക കാര്യസാധ്യത്തിനായി ധ്യാനവും മറ്റും കൂടി നടന്നിട്ട്, കാര്യം സാധിച്ചുകഴിഞ്ഞാൽ നാം കർത്താവിനെ മറന്നു കളയാറില്ലേ? അതുപോലെ തന്നെ വ്യക്തിബന്ധങ്ങളെക്കാളും ആദ്ധ്യാത്മിക നന്മകളെക്കാളും ഭൗതികനേട്ടങ്ങളെയും പ്രശസ്തിയേയും വിലമതിക്കുന്നവരല്ലേ നാം.? അതിനുദാഹരണമാണ് റോഡിൽ ചോരവാർന്ന് മരിക്കാൻ കിടക്കുന്ന ആളെ സഹായിക്കാതെ ഫോട്ടോ എടുത്ത് വാട്സ് ആപ്പിൽ പോസ്റ്റ് ചെയ്യുന്ന സംഭവങ്ങൾ.

ഒരു മണിക്കൂർ ദേവാലയത്തിൽ വന്ന് വിശുദ്ധ കുർബാനയർപ്പിക്കുന്നത് തങ്ങളുടെ വിലപ്പെട്ട സമയം നഷ്ടമാക്കുന്നതുപോലെയാണ് പലർക്കും അനുഭവപ്പെടുന്നത്. കാരണം ചില വ്യക്തികളോട് ഇന്ന് വിശുദ്ധ കുർബാനയ്ക്ക് പോയോ എന്നു ചോദിച്ചാൽ പല ന്യായങ്ങളും പറഞ്ഞ് ഒഴികഴിവുകൾ കണ്ടെത്തി പോകാത്തതിനെ ന്യായീകരിക്കും. എന്നാൽ അവരോടുതന്നെ ദിവസവും ചെലവിടുന്ന വിനോദസമയം എത്രമാത്രമെന്ന് ചോദിച്ചാൽ സമയം തികയാറില്ല എന്നു പറഞ്ഞും കേട്ടിട്ടുണ്ട്. അതിനുദാഹരണമാണ് ദേവാലയത്തിൽ ഒരു മണിക്കൂർ നീളുന്ന വിശുദ്ധ കുർബാന മദ്ധ്യേ ഉറങ്ങുന്നതും അലസമായി വ്യാപരിക്കുന്നതും എന്നാൽ ഒരു സിനിമ മൂന്നുമണിക്കൂർവരെ തീക്ഷ്ണതയോടും ആഗ്രഹത്തോടും കൂടി കാണുന്നതും.

നമ്മുടെ ജീവിതം ക്രിസ്തീയ ജീവിതമാണ്. ക്രിസ്തുവിനെ അനുഗമിക്കുവാൻ വിളിക്കപ്പെട്ടവരാണ് ഓരോ ക്രിസ്ത്യാനിയും. ദൈവം എന്നും എന്റെ ജീവിതത്തിന്റെ അമരക്കാരനായി കൂടെയുണ്ടെന്ന ഉറച്ച ബോദ്ധ്യത്തോടെ അനുദിനം പ്രാർത്ഥനയിലൂടെ, ദൈവവുമായി കൂടുതൽ ആഴമേറിയ ബന്ധത്തിൽ വളരണം. ഇതിനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കാം. ◆